**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## പത്രക്കുറിപ്പ്

## കീം - 2025

## സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് സൊസൈറ്റി, രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ട സീറ്റുകളിലേയ്ക്കും , സർക്കാർ കോസ്റ്റ് ഷെയറിംഗ് കോളേജുകളിൽ സഹകരണ വകുപ്പിലെ ജീവനക്കാരുടെ മക്കൾക്കായി മാറ്റിവെച്ചിട്ടുള്ള സീറ്റുകളിലേയ്ക്കുള്ള (CB) പ്രത്യേക സംവരണം -അപേക്ഷ സമർപ്പിക്കുന്നതിന് അവസരം

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ ഏർപ്പെട്ടിട്ടുള്ള കരാറിനു വിധേയമായി സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിശ്ചിത ശതമാനം കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ട സീറ്റുകളിലേയ്ക്കും, സംസ്ഥാനത്തെ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) ന്റെ കീഴിലുള്ള സർക്കാർ കോസ്റ്റ് ഷെയറിംഗ് എഞ്ചിനീയറിംഗ് കോളേജുകളിലെ കോഴ്സുകളിലേക്കു (CAPE) സംസ്ഥാന സഹകരണ വകുപ്പിലെ ജീവനക്കാരുടെയും രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സഹകരണ സൊസൈറ്റികൾ / ബാങ്കുകൾ/ മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെയും, ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും മക്കൾക്കായി നീക്കി വച്ചിട്ടുള്ള 5% സീറ്റുകളിലേയ്ക്ക് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും യോഗ്യരായ വിദ്യാർത്ഥികളെ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ (CAP-2025) പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്നതാണ്.

കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് സൊസൈറ്റി, രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2025- Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Community Quota Proforma'** എന്ന മെനു ക്ലിക്ക് ചെയ്ത് കോളേജ് സെലക്ട്

ചെയ്യുമ്പോൾ ലഭ്യമാകുന്ന പ്രൊഫോർമയുടെ പ്രിന്റൗട്ട് എടുത്ത് ഒപ്പിട്ട ശേഷം, ആവശ്യമായ രേഖകൾ സഹിതം **17.07.2025 വൈകുന്നരം 4.00** മണിക്ക് മുമ്പായി അതത് കോളേജ് അധികൃതരുടെ മുമ്പാകെ ഹാജരാകേണ്ടതാണ്. കോളേജുകളുടെ തരം തിരിച്ചുള്ള ലിസ്റ്റ്, വിശദ വിവരങ്ങൾ എന്നിവയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.

**ഹെൽപ് ലൈൻ നമ്പർ : 0471 - 2332120, 2338487**

**Signed by Arun S Nair**
**Date: 14-07-2025 16:30:41**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
14-07-2025